പതിമൂന്നാം കേരള നിയമസഭ
ബിൽ നമ്പർ 248

# 2013-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2013

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# 2013-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ബിൽ

യുവാക്കളെ വിദ്യാസമ്പന്നരാക്കുന്നതിനും ശാക്തീകരിക്കുന്നതിനും വേണ്ടി പദ്ധതികൾ ആവിഷ്ക്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നതിനും യുവാക്കളുടെ അവകാശങ്ങളുടെ സംരക്ഷകനായി വർത്തിക്കുന്നതിനുംആയി ഒരു യുവജന കമ്മീഷൻ രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—യുവാക്കളെ വിദ്യാസമ്പന്നരാക്കുന്നതിനും ശാക്തീകരിക്കുന്നതിനും വേണ്ടി പദ്ധതികൾ ആവിഷ്ക്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നതിനും യുവാക്കളുടെ അവകാശങ്ങളുടെ സംരക്ഷകനായി വർത്തിക്കുന്നതിനും ആയി ഒരു യുവജന കമ്മീഷൻ രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിനാലാം സംവത്സരത്തിൽ ഇനിപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

## അദ്ധ്യായം I

## പ്രാരംഭം

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2013-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2012 നവംബർ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

1116/2013.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "ചെയർപേഴ്സൺ" എന്നാൽ കമ്മീഷന്റെ ചെയർപേഴ്സൺ എന്നർത്ഥമാകുന്നു ;

(ബി) "കമ്മീഷൻ" എന്നാൽ 3-ാം വകുപ്പുപ്രകാരം രുപീകരിക്കപ്പെട്ട കേരള സംസ്ഥാന യുവജന കമ്മീഷൻ എന്നർത്ഥമാകുന്നു ;

(സി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു ;

(ഡി) "അംഗം" എന്നാൽ കമ്മീഷനിലെ ഒരംഗം എന്നർത്ഥമാകുന്നു ;

(ഇ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു ;

(എഫ്) "യുവജനം" എന്നാൽ പതിനെട്ട് വയസ്സ് പൂർത്തിയായിട്ടുള്ളതും എന്നാൽ നാല്പതുവയസ്സ് പുർത്തിയാകാത്തതുമായ ഒരാൾ എന്നർത്ഥമാകുന്നു.

## അദ്ധ്യായം II

## കമ്മീഷന്റെ രൂപീകരണം

3. കമ്മീഷന്റെ രൂപീകരണം.—(1) സർക്കാർ, ഈ ആക്റ്റിന്റെ പ്രാരംഭത്തിനു ശേഷം കഴിയുന്നത്രവേഗം ഈ ആക്റ്റിൻകീഴിൽ നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനും അതിന് ഏൽപ്പിച്ചു കൊടുത്ത ചുമതലകൾ നിർവ്വഹിക്കുന്നതിനും വേണ്ടി ഗസറ്റ് വിജ്ഞാപനംവഴി, കേരള സംസ്ഥാന യുവജന കമ്മീഷൻ എന്ന പേരിൽ ഒരു നികായം രൂപീകരിക്കേണ്ടതാണ്.

(2) കമ്മീഷനിൽ,—

(എ) ഒരു ചെയർപേഴ്സണും;

(ബി) പത്തിൽ കവിയാത്ത അത്രയും എണ്ണം അംഗങ്ങളും ഉണ്ടായിരിക്കേണ്ടതും, അതിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതിയിലോ പട്ടികഗോത്രവർഗ്ഗത്തിലോപെട്ട ആളും ഒരാൾ യോഗ്യതയുള്ള ഒരു ലീഗൽ പ്രാക്ടീഷണറും ആയിരിക്കേണ്ടതുമാണ്.

(3) കമ്മീഷനിലേക്ക് നിയമിക്കപ്പെടുന്ന ചെയർപേഴ്സണും അംഗങ്ങളും യുവജനങ്ങൾ ആയിരിക്കേണ്ടതാണ്.

(4) ചെയർപേഴ്സണേയും അംഗങ്ങളേയും സർക്കാർ നിയമിക്കേണ്ടതാണ്.

(5) ഗവൺമെന്റ് അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത സ്ഥാനം വഹിക്കുകയോ വഹിച്ചിരുന്നതോ ആയ ഒരാളെ കമ്മീഷന്റെ സെക്രട്ടറിയായി സർക്കാർ നിയമിക്കേണ്ടതാണ്.

(6) കമ്മീഷന്റെ ആസ്ഥാനം തിരുവനന്തപുരം ആയിരിക്കേണ്ടതാണ്.

4. ചെയർപേഴ്സന്റെയും അംഗങ്ങളുടേയും ഉദ്യോഗകാലാവധിയും സേവന വ്യവസ്ഥകളും.—(1) ചെയർപേഴ്സണും അംഗങ്ങൾക്കും അവർ ഔദ്യോഗിക സ്ഥാനം ഏറ്റെടുത്ത തീയതി മുതൽ മൂന്ന് വർഷക്കാലം ഔദ്യോഗിക സ്ഥാനം വഹിക്കാവുന്നതാണ്:

എന്നാൽ, ചെയർപേഴ്സൺ, തന്റെ പിൻഗാമി 3-ാം വകുപ്പിന്റെ വ്യവസ്ഥകൾക്കനുസൃതമായി നിയമിക്കപ്പെടുകയും ഔദ്യോഗികസ്ഥാനം ഏറ്റെടുക്കുകയും ചെയ്യുന്നതുവരെയോ അല്ലെങ്കിൽ ആറുമാസത്തേക്കോ, ഏതാണോ ആദ്യം അതുവരെ, അങ്ങനെയുള്ള ഔദ്യോഗിക സ്ഥാനത്ത് തുടരേണ്ടതാണ്.

(2) ചെയർപേഴ്സണോ അംഗത്തിനോ ഏതു സമയത്തും സർക്കാരിനെ അഭിസംബോധന ചെയ്ത് സ്വന്തം കൈപ്പടയിൽ എഴുതി നൽകിക്കൊണ്ട് ഔദ്യോഗിക സ്ഥാനം രാജിവയ്ക്കാവുന്നതാണ്.

(3) മരണം, നീക്കം ചെയ്യൽ, രാജിവയ്ക്കൽ അല്ലെങ്കിൽ മറ്റേതെങ്കിലും കാരണത്താൽ ഉണ്ടാകുന്ന ചെയർപേഴ്സന്റേയോ അംഗത്തിന്റേയോ ആകസ്മിക ഒഴിവ്, പുതിയ നിയമനം മുഖേന നികത്തേണ്ടതും അങ്ങനെ നിയമിക്കപ്പെടുന്ന വ്യക്തി, ആരുടെ സ്ഥാനത്തേക്കാണോ നിയമിക്കപ്പെടുന്നത് അയാളുടെ കാലാവധിയിലെ അവശേഷിക്കുന്ന കാലയളവിലേക്ക് ഔദ്യോഗികസ്ഥാനത്ത് തുടരേണ്ടതുമാണ്.

(4) സർക്കാരിന്, ഉത്തരവുമൂലം ചെയർപേഴ്സണേയോ ഏതെങ്കിലും അംഗത്തേയോ അയാൾ,—

(എ) ഒരു നിർദ്ധനനായി വിധിക്കപ്പെടുകയോ; അല്ലെങ്കിൽ

(ബി) സർക്കാരിന്റെ അഭിപ്രായത്തിൽ സാന്മാർഗ്ഗിക ദൂഷ്യം ഉൾപ്പെടുന്ന ഒരു കുറ്റത്തിന് കുറ്റം സ്ഥാപിക്കപ്പെട്ട് തടവുശിക്ഷയ്ക്ക് വിധിക്കപ്പെടുകയോ ; അല്ലെങ്കിൽ

(സി) ബുദ്ധിസ്ഥിരത ഇല്ലാത്ത ആളായിത്തീരുകയും ക്ഷമതയുള്ള ഒരു കോടതി അപ്രകാരം പ്രഖ്യാപിക്കുകയും ചെയ്യുകയോ ; അല്ലെങ്കിൽ

(ഡി) കമ്മീഷനിൽ നിന്നും, ഹാജരാകാതിരിക്കുന്നതിന് അനുവാദം വാങ്ങാതെ കമ്മീഷന്റെ തുടർച്ചയായ മൂന്ന് യോഗങ്ങളിൽ ഹാജരാകാതിരിക്കുകയോ ; അല്ലെങ്കിൽ

(ഇ) തൽസ്ഥാനത്ത് തുടരുന്നത് യുവജന താല്പര്യത്തിനോ പൊതുതാല്പര്യത്തിനോ ഹാനികരമാകത്തക്കവിധം തന്റെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തതായി സർക്കാരിന് ബോധ്യമാകുകയോ ചെയ്യുന്നപക്ഷം,

ഔദ്യോഗിക സ്ഥാനത്തു നിന്നും നീക്കം ചെയ്യാവുന്നതാണ് :

എന്നാൽ, ഈ ഖണ്ഡത്തിൻകീഴിൽ യാതൊരാളെയും ഈ സംഗതിയിൽ അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരു അവസരം നൽകാതെ നീക്കം ചെയ്യാൻ പാടുള്ളതല്ല.

(5) ചെയർപേഴ്സണോ ഒരംഗമോ അയാൾ യുവജനം അല്ലാതായി തീരുന്നപക്ഷം ഔദ്യോഗിക സ്ഥാനം വഹിക്കുന്നത് അവസാനിക്കുന്നതാണ്.

(6) ചെയർപേഴ്സണോ ഒരംഗത്തിനോ രണ്ടിൽ കൂടുതൽ തവണ ഔദ്യോഗിക സ്ഥാനം വഹിക്കുന്നതിന് അർഹതയില്ലാത്തതാകുന്നു.

(7) കമ്മീഷന്റെ ദൈനംദിന കാര്യങ്ങളുടെ പൊതുവായ മേൽനോട്ടം, മാർഗ്ഗ നിർദ്ദേശം, ഭരണനിർവ്വഹണം എന്നിവ ചെയർപേഴ്സണിൽ നിക്ഷിപ്തമായിരിക്കുന്നതും അദ്ദേഹത്തെ മറ്റംഗങ്ങൾ സഹായിക്കേണ്ടതുമാണ്.

(8) ചെയർപേഴ്സൺ ഗവൺമെന്റ് സെക്രട്ടറിയുടെ പദവിയുള്ള ഒരു മുഴുവൻസമയ ഉദ്യോഗസ്ഥനായിരിക്കുന്നതും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അങ്ങനെയുള്ള ശമ്പളവും ബത്തകളും നൽകേണ്ടതുമാണ്.

(9) കമ്മീഷന്റെ യോഗങ്ങളിൽ പങ്കെടുക്കുന്നതിന് അംഗങ്ങൾക്ക് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അങ്ങനെയുള്ള ബത്തകളോ സിറ്റിംഗ് ഫീസോ നൽകേണ്ടതാണ്.

5. കമ്മീഷനിലെ ജീവനക്കാർ.—(1) കമ്മീഷന്റെ ശരിയായ വിധത്തിലുള്ള നടത്തിപ്പിനാവശ്യമായ അങ്ങനെയുള്ള ഉദ്യോഗസ്ഥരേയും മറ്റു ജീവനക്കാരേയും കമ്മീഷന് സർക്കാർ ലഭ്യമാക്കേണ്ടതാണ്.

(2) കമ്മീഷന്റെ ആവശ്യത്തിലേക്കായി നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്കും മറ്റു ജീവനക്കാർക്കും നൽകേണ്ടതായ ശമ്പളവും ബത്തകളും സേവനം സംബന്ധിച്ച മറ്റു നിബന്ധനകളും വ്യവസ്ഥകളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ആയിരിക്കേണ്ടതാണ്.

6. ശമ്പളവും ബത്തകളും ഭരണചെലവുകളും ഗ്രാന്റുകളിൽ നിന്നും നൽകണമെന്ന്.—ചെയർപേഴ്സണ് നൽകേണ്ടതായ ശമ്പളവും ബത്തകളും അംഗങ്ങൾക്ക് നൽകേണ്ടതായ അലവൻസുകളോ അഥവാ സിറ്റിംഗ് ഫീസോ 5-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള ഉദ്യോഗസ്ഥർക്കും മറ്റ് ജീവനക്കാർക്കും നൽകേണ്ടതായ ശമ്പളവും ബത്തകളും പെൻഷനും ഉൾപ്പെടെയുള്ള ഭരണനിർവ്വഹണ ചെലവുകളും, 12-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഗ്രാന്റുകളിൽ നിന്നും നൽകേണ്ടതാണ്.

7. ഒഴിവുകൾ മുതലായവ കമ്മീഷന്റെ നടപടികൾ അസാധുവാക്കുന്നതല്ലെന്ന്.—കമ്മീഷന്റെ യാതൊരു പ്രവൃത്തിയും അല്ലെങ്കിൽ നടപടികളും കമ്മീഷനിൽ ഏതെങ്കിലും ഒഴിവ് ഉണ്ടെന്നോ അല്ലെങ്കിൽ അതിന്റെ രൂപീകരണത്തിൽ എന്തെങ്കിലും ന്യൂനത ഉണ്ടെന്നോ ഉള്ള കാരണത്താൽ മാത്രം അസാധുവാകുന്നതല്ല.

8. കമ്മീഷന്റെ യോഗങ്ങൾ.—(1) ചെയർപേഴ്സണ് യുക്തമെന്നു തോന്നുന്ന അങ്ങനെയുള്ള സ്ഥലങ്ങളിലും അങ്ങനെയുള്ള സമയങ്ങളിലും കമ്മീഷൻ യോഗം ചേരേണ്ടതും കമ്മീഷന് അതിന്റെ തന്നെ നടപടിക്രമം നിയന്ത്രിക്കുന്നതിന് അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

(2) കമ്മീഷന്റെ എല്ലാ ഉത്തരവുകളും തീരുമാനങ്ങളും ചെയർപേഴ്സന്റെയോ അല്ലെങ്കിൽ ഇതിലേക്ക് കമ്മീഷൻ അധികാരപ്പെടുത്തുന്ന ഏതൊരംഗത്തിന്റെയോ കയ്യൊപ്പോടുകൂടി പ്രമാണീകരിക്കേണ്ടതും കമ്മീഷൻ ചമയ്ക്കുന്ന മറ്റ് പ്രമാണങ്ങൾ

സെക്രട്ടറിയുടേയോ അല്ലെങ്കിൽ ഇതിലേക്ക് ചെയർപേഴ്സൺ അധികാരപ്പെടുത്തുന്ന മറ്റേതൊരു ഉദ്യോഗസ്ഥന്റേയോ കയ്യൊപ്പോടുകൂടി പ്രമാണീകരിക്കേണ്ടതുമാണ്.

(3) കമ്മീഷൻ, അതിന്റെ മുൻപിലുള്ള ഏതെങ്കിലും കാര്യങ്ങളുടെ നിർവ്വഹണത്തിന്റെ ആവശ്യത്തിലേക്കായോ ഏതെങ്കിലും പ്രത്യേക വിഷയം പരിഗണിക്കുന്നതിനായോ പ്രസ്തുത സംഗതിയിൽ പ്രത്യേകമായ അറിവുള്ള രണ്ടിൽ കൂടുതലല്ലാത്ത വ്യക്തികളെ ക്ഷണിക്കാവുന്നതും, എന്നാൽ അവർക്ക് കമ്മീഷന്റെ യോഗങ്ങളിൽ വോട്ടവകാശം ഇല്ലാത്തതുമാകുന്നു.

## അദ്ധ്യായം III

## കമ്മീഷന്റെ അധികാരങ്ങളും ചുമതലകളും

9. കമ്മീഷന്റെ ചുമതലകൾ.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്കു വിധേയമായി, യുവാക്കളുടെ ക്ഷേമത്തിനായി മാർഗ്ഗനിർദ്ദേശം നൽകുന്നതും സഹായിക്കുന്നതും പ്രോൽസാഹിപ്പിക്കുന്നതും പരിപോഷിപ്പിക്കുന്നതും സർക്കാർ, അതിന് അതത് സമയം ഏൽപ്പിച്ചുകൊടുത്തേക്കാവുന്ന അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കുന്നതും കമ്മീഷന്റെ കർത്തവ്യമായിരിക്കുന്നതാണ്.

(2) കമ്മീഷന് അതിന്റെ ലക്ഷ്യപ്രാപ്തിക്കുവേണ്ടി താഴെപ്പറയുന്ന ചുമതലകൾ നിർവ്വഹിക്കാവുന്നതാണ്, അതായത്:—

(എ) സംസ്ഥാനത്തെ യുവജനകാര്യങ്ങളുടെ സംരക്ഷകനായി വർത്തിക്കുക ;

(ബി) തൊഴിലിന്റെ അന്തസ്സിനെപ്പറ്റി യുവാക്കളിൽ അറിവ് ഉണ്ടാക്കുകയും ഊട്ടിയുറപ്പിക്കുകയും ചെയ്യുക ;

(സി) യുവാക്കൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസത്തിനും തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിനും വേണ്ടി സർക്കാർ വകുപ്പുകളെ ഏകോപിപ്പിക്കുക ;

(ഡി) പൂർണ്ണമായ ശാക്തീകരണവും മികവും നേടുന്നതിനുവേണ്ടി യുവാക്കളുടെ കഴിവ് വികസിപ്പിക്കുകയും നേർവഴിക്ക് നയിക്കുകയും ചെയ്യുക ;

(ഇ) യുവാക്കൾക്ക് തൊഴിൽ അവസരങ്ങൾ തേടുന്നതിനുള്ള മെച്ചപ്പെട്ട വഴികൾ സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനായി പ്രോൽസാഹനപരവും വിദ്യാഭ്യാസപരവുമായ ഗവേഷണങ്ങൾ ഏറ്റെടുക്കുകയും ചെയ്യുക ;

(എഫ്) യുവാക്കളുടെ, പ്രത്യേകിച്ച് ദുർബലവിഭാഗത്തിലും ഗോത്രവർഗ്ഗ വിഭാഗത്തിലും പെടുന്നവരുടെ സാമൂഹിക-സാമ്പത്തിക വികസനത്തിന്റെ ആസൂത്രണ നടപടികളിൽ സർക്കാരിനെ ഉപദേശിക്കുക ;

(ജി) യുവാക്കളുടെ സർഗ്ഗാത്മകതയും നൈപുണ്യവും വികസിപ്പിച്ചുകൊണ്ട് ഉന്നതനിലവാരത്തിലുള്ള നേട്ടങ്ങൾ കൈവരിക്കുന്നതിന് പ്രാപ്തരാക്കുന്നതിന് എല്ലാ തലങ്ങളിലുമുള്ള പ്രവർത്തനങ്ങളിൽ അവരുടെ സാദ്ധ്യതകളും കഴിവുകളും കണ്ടെത്തുക ;

(എച്ച്) അസംഘടിത മേഖലയിൽ യുവാക്കൾ നേരിടുന്ന തൊഴിൽപരമായ ദുരിതങ്ങൾ ശ്രദ്ധിച്ച് റിപ്പോർട്ടു ചെയ്യുക ;

(ഐ) യുവാക്കളുടെ അവകാശങ്ങൾ നിഷേധിക്കപ്പെടുന്നതുമായി ബന്ധപ്പെട്ട പരാതികളിൻമേൽ അന്വേഷിക്കുകയും അക്കാര്യത്തിൽ എടുക്കേണ്ട നടപടികളെക്കുറിച്ച് സർക്കാരിനോട് ശിപാർശ ചെയ്യുകയും ;

(ജെ) അതത് സമയം അതിന്റെ പരിഗണനയ്ക്ക് അയയ്ക്കുന്ന മറ്റു വിഷയങ്ങളിൽ സർക്കാരിനെ ഉപദേശിക്കുക.

10. കമ്മീഷന്റെ അധികാരങ്ങൾ.—(1) കമ്മീഷന് അതിന്റെ ചുമതലകൾ നിറവേറ്റുന്ന ആവശ്യത്തിലേക്കായി,—

(എ) സർക്കാരിന്റെ അനുമതിയോടുകൂടി ഏതെങ്കിലും സർക്കാർ ഉദ്യോഗസ്ഥന്റെയോ; അല്ലെങ്കിൽ

(ബി) സർക്കാർ ഉടമസ്ഥതയിലുള്ള കോർപ്പറേഷനുകളുടേയോ ലോക്കൽ അതോറിറ്റികളുടേയോ ഏതെങ്കിലും ഉദ്യോഗസ്ഥന്റെ അങ്ങനെയുള്ള കോർപ്പറേഷന്റേയോ അല്ലെങ്കിൽ ലോക്കൽ അതോറിറ്റിയുടേയോ അനുമതിയോടുകൂടിയും സർക്കാരിന്റെ സമ്മതത്തോടുകൂടിയും,

സേവനങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്.

(2) കമ്മീഷന്, 9-ാം വകുപ്പു പ്രകാരമുള്ള അതിന്റെ ചുമതലകൾ നിർവ്വഹിക്കുമ്പോൾ, താഴെപ്പറയുന്ന കാര്യങ്ങളെ സംബന്ധിച്ച് 1908-ലെ സിവിൽ നടപടി നിയമസംഹിതയിൻ (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) കീഴിൽ ഒരു വ്യവഹാരം വിചാരണ ചെയ്യുന്ന ഒരു സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ഏതെങ്കിലും ആളെ വിളിച്ചു വരുത്തുന്നതിനും ഹാജരാക്കൽ ഉറപ്പുവരുത്തുന്നതിനും സത്യപ്രസ്താവനയിന്മേൽ വിസ്തരിക്കുന്നതിനും ;

(ബി) ഏതെങ്കിലും രേഖ കണ്ടെടുക്കുവാനും ഹാജരാക്കുവാനും ആവശ്യപ്പെടുന്നതിനും ;

(സി) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുന്നതിനും ;

(ഡി) ഏതെങ്കിലും കോടതിയിൽ നിന്നോ ഓഫീസിൽ നിന്നോ ഏതെങ്കിലും പൊതുരേഖയോ അതിന്റെ പകർപ്പോ ആവശ്യപ്പെടുന്നതിനും ;

(ഇ) സാക്ഷികളെ വിസ്തരിക്കുന്നതിനും രേഖകൾ പരിശോധിക്കുന്നതിനും വേണ്ടി കമ്മീഷനുകളെ നിയോഗിക്കുന്നതിനും ;

(എഫ്) നിർണ്ണയിക്കപ്പെടാവുന്ന മറ്റേതെങ്കിലും സംഗതിക്കും.

(3) 9-ാം വകുപ്പിൻകീഴിൽ അന്വേഷണം നടത്തുമ്പോൾ, കമ്മീഷൻ എല്ലാ കക്ഷികൾക്കും സ്വമേധയായോ അല്ലെങ്കിൽ അധികാരപ്പെടുത്തിയ പ്രതിനിധി മുഖേനയോ അവരുടെ അഭിപ്രായം അവതരിപ്പിക്കുവാൻ അവസരം നൽകേണ്ടതാണ്.

(4) ഈ ആക്റ്റിൻകീഴിൽ നടത്തിയ ഏതൊരു അന്വേഷണത്തിലെയും കമ്മീഷന്റെ തീരുമാനങ്ങൾ അതിന്റെ ശിപാർശയോടുകൂടി ഉചിതമായ നടപടിക്കോ അല്ലെങ്കിൽ തർക്കത്തിലേർപ്പെട്ട കക്ഷികൾക്ക് പരിഹാരത്തിനായോ സർക്കാരിലേക്ക് നൽകേണ്ടതാണ്.

11. കമ്മീഷനിലേക്കുള്ള സംഭാവനകൾ, വിഹിതങ്ങൾ മുതലായവ.—കമ്മീഷന് സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടിയും സർക്കാർ ഇക്കാര്യത്തിൽ നിഷ്ക്കർഷിക്കുന്ന അങ്ങനെയുള്ള ഉപാധികൾക്കും വ്യവസ്ഥകൾക്കും വിധേയമായി, പലതരത്തിലുള്ള സാഹിത്യവും സാംസ്കാരികവും സ്പോർട്ട്സും പ്രവൃത്തികളിൽ യുവജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി എൻഡോവ്മെന്റുകൾ രൂപീകരിക്കുന്നതിനും സമ്മാനങ്ങൾ നൽകുന്നതിനും ഏതൊരു സംഘടനയിൽ നിന്നോ വ്യക്തിയിൽനിന്നോ സംഭാവനയായോ വിഹിതമായോ മറ്റേതൊരു പേരിലോ പണം സ്വീകരിക്കാവുന്നതാണ്.

## അദ്ധ്യായം IV

## ധനകാര്യവും കണക്കുകളും ഓഡിറ്റും

12. സർക്കാരിൽനിന്നുള്ള ഗ്രാന്റുകൾ.—(1) സർക്കാർ നിയമസഭയിൽ ഇതിലേക്കായി നിയമംമൂലം യഥാവിധി ധനവിനിയോഗം നടത്തിയതിനുശേഷം ഈ ആക്റ്റിന്റെ ആവശ്യത്തിലേക്കായി വിനിയോഗിക്കുന്നതിനായി സർക്കാർ യുക്തമെന്ന് കരുതുന്ന അങ്ങനെയുള്ള തുക ഗ്രാന്റായി കമ്മീഷന് നൽകേണ്ടതാണ്.

(2) കമ്മീഷന്, ഈ ആക്റ്റിൻകീഴിലുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് ആവശ്യമെന്ന് കരുതുന്ന പ്രകാരമുള്ള തുക ഗ്രാന്റിൽ നിന്ന് ചെലവാക്കാവുന്നതും അപ്രകാരമുള്ള തുക (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഗ്രാന്റിൽ നിന്നും നൽകേണ്ടതായ ചെലവായി കരുതേണ്ടതുമാണ്.

13. കണക്കുകളും ആഡിറ്റും.—(1) കമ്മീഷൻ, ശരിയായ കണക്കുകളും മറ്റ് പ്രസക്ത രേഖകളും വച്ചുപോരേണ്ടതും അക്കൗണ്ടന്റ് ജനറലുമായി കൂടിയാലോചിച്ച് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിൽ കണക്കുകളുടെ ഒരു വാർഷിക സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടതുമാണ്.

(2) കമ്മീഷന്റെ അക്കൗണ്ടുകൾ, അക്കൗണ്ടന്റ് ജനറൽ വർഷംതോറും ആഡിറ്റ് നടത്തേണ്ടതും അങ്ങനെയുള്ള ആഡിറ്റുമായി ബന്ധപ്പെട്ടുണ്ടാകുന്ന ചെലവ് കമ്മീഷൻ അക്കൗണ്ടന്റ് ജനറലിന് നൽകേണ്ടതുമാണ്.

(3) അക്കൗണ്ടന്റ് ജനറലിനും ഈ ആക്റ്റിൻകീഴിൽ കമ്മീഷന്റെ അക്കൗണ്ടുകളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് അദ്ദേഹം നിയമിക്കുന്ന ഏതൊരാൾക്കും, സാധാരണയായി അക്കൗണ്ടന്റ് ജനറലിന്, സർക്കാർ അക്കൗണ്ടുകളുടെ ആഡിറ്റ് ചെയ്യുമ്പോഴുള്ള അതേ അധികാരങ്ങളും വിശേഷാവകാശങ്ങളും ഉണ്ടായിരിക്കുന്നതും, പ്രത്യേകിച്ചും ബുക്കുകളും അക്കൗണ്ടുകളും ബന്ധപ്പെട്ട വൗച്ചറുകളും മറ്റ് രേഖകളും പേപ്പറുകളും ഹാജരാക്കുന്നതിന് ആവശ്യപ്പെടാനും കമ്മീഷന്റെ ഏതൊരു ആഫീസും പരിശോധിക്കുന്നതിനുമുള്ള അധികാരമുണ്ടായിരിക്കുന്നതാണ്.

(4) അക്കൗണ്ടന്റ് ജനറലോ അദ്ദേഹം ഈ ആവശ്യത്തിലേക്കായി നിയോഗിച്ച മറ്റേതെങ്കിലും ആളോ സാക്ഷ്യപ്പെടുത്തിയ പ്രകാരമുള്ള കമ്മീഷന്റെ അക്കൗണ്ടുകൾ അതിന്മേലുള്ള ആഡിറ്റ് റിപ്പോർട്ട് സഹിതം കമ്മീഷൻ വർഷംതോറും സർക്കാരിന് അയച്ചുകൊടുക്കേണ്ടതും സർക്കാർ അത് ലഭിച്ച തീയതി മുതൽ ആറു മാസക്കാലത്തിനകം ആഡിറ്റ് റിപ്പോർട്ട് നിയമസഭ മുമ്പാകെ വയ്പിക്കേണ്ടതുമാണ്.

14. കമ്മീഷന്റെ വാർഷിക റിപ്പോർട്ട്.—(1) കമ്മീഷൻ, ഓരോ സാമ്പത്തിക വർഷവും അവസാനിച്ചശേഷം കഴിയുന്നത്രവേഗം, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള തീയതിയിലും ഓരോ സാമ്പത്തിക വർഷത്തിലും മുൻ സാമ്പത്തികവർഷത്തിൽ ഏറ്റെടുത്ത പ്രവർത്തനങ്ങളുടേയും പരിപാടികളുടേയും പൂർണ്ണ വിവരങ്ങൾ കാണിക്കുന്ന ഒരു വാർഷിക റിപ്പോർട്ട് യുവജനങ്ങളുടെ സ്റ്റാറ്റസ് സ്റ്റേറ്റ്മെന്റ് ഉൾപ്പെടെ ഗവൺമെന്റിന് സമർപ്പിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം ലഭിച്ച റിപ്പോർട്ടിന്റെ ഒരു പകർപ്പ് സർക്കാരിന് അത് ലഭിച്ചതിനുശേഷം ആറുമാസത്തിനകം നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

## അദ്ധ്യായം V

## പലവക

15. ഉത്തമ വിശ്വാസത്തിലെടുത്ത നടപടിക്ക് സംരക്ഷണം.—ഈ ആക്റ്റിൻ കീഴിൽ ഉത്തമവിശ്വാസത്തിൽ ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് കമ്മീഷനോ ചെയർപേഴ്സണോ ഏതൊരു അംഗത്തിനോ സെക്രട്ടറിക്കോ കമ്മീഷന്റെ നിർദ്ദേശപ്രകാരം പ്രവർത്തിക്കുന്ന കമ്മീഷന്റെ ഏതൊരു ഉദ്യോഗസ്ഥനോ മറ്റ് ഏതെങ്കിലും ജീവനക്കാർക്കോ എതിരായി യാതൊരു വ്യവഹാരമോ ശിക്ഷാനടപടിയോ മറ്റ് നിയമനടപടികളോ നിലനിൽക്കുന്നതല്ല.

16. കമ്മീഷനിലെ ചെയർപേഴ്സനും, അംഗങ്ങളും സെക്രട്ടറിയും ഉദ്യോഗസ്ഥരും പബ്ലിക് സർവന്റ് ആയിരിക്കുമെന്ന്.—കമ്മീഷന്റെ ചെയർപേഴ്സൺ, അംഗങ്ങൾ, സെക്രട്ടറി, ഉദ്യോഗസ്ഥരും ജീവനക്കാരും 1860-ലെ ഇൻഡ്യൻ ശിക്ഷാനിയമസംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥ വ്യാപ്തിക്കുള്ളിൽ വരുന്ന പബ്ലിക് സർവന്റുമാരായി കരുതപ്പെടേണ്ടതാണ്.

17. മറ്റ് നിയമങ്ങളുടെ ബാധകമാക്കൽ തടയുന്നില്ലെന്ന്.—ഈ ആക്റ്റിലെ വ്യവസ്ഥകൾ തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിന് പുറമേയും അതിന് ഭംഗം വരുത്താതെയും ആയിരിക്കുന്നതാണ്.

18. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനംവഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മേൽപ്പറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും അപ്രകാരമുള്ള ചട്ടങ്ങളിൽ താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കായി വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(എ) ചെയർപേഴ്സന് നൽകേണ്ടതായ ശമ്പളവും ബത്തകളും സേവനം സംബന്ധിച്ച മറ്റ് നിബന്ധനകളും വ്യവസ്ഥകളും, അംഗങ്ങൾക്ക് നൽകേണ്ടതായ ബത്തകളും സിറ്റിംഗ് ഫീസും;

(ബി) 10-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (എ)-യും (ബി)-യും ഖണ്ഡങ്ങൾക്കു കീഴിൽ കർത്തവ്യത്തിൽ ഏർപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥർക്ക് നൽകേണ്ടതായ ബത്തകളും മറ്റ് ആനുകൂല്യങ്ങളും;

(സി) കമ്മീഷന്റെ യോഗം വിളിച്ചുകൂട്ടലും നടത്തിപ്പും യോഗത്തിന്റെ ക്വാറവും;

(ഡി) കമ്മീഷന്റെ സെക്രട്ടറിയുടെ അധികാരങ്ങളും ചുമതലകളും;

(ഇ) വച്ചുപോരേണ്ടതായ വാർഷിക കണക്ക് സ്റ്റേറ്റ്മെന്റിന്റെ ഫാറം;

(എഫ്) തയ്യാറാക്കേണ്ടതായ വാർഷിക റിപ്പോർട്ടിന്റെ ഫാറം;

(ജി) നിർണ്ണയിക്കേണ്ടതോ നിർണ്ണയിക്കപ്പെടേണ്ടതോ ആയ മറ്റേതൊരു കാര്യവും.

(3) ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയതിനു ശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിൽ ആയിരിക്കുമ്പോൾ അതിന്റെ മുൻപാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന, ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതതു സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗംവരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

19. വൈഷമ്യങ്ങൾ നീക്കംചെയ്യുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ഏതെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം, സർക്കാരിന്, ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവുമൂലം, അത്തരം വൈഷമ്യം നീക്കം ചെയ്യുന്നതിലേക്ക് ആവശ്യമെന്നോ യുക്തമെന്നോ അതിനുതോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള യാതൊരു ഉത്തരവും ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ രണ്ടുവർഷക്കാലത്തിനുശേഷം പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) ഈ വകുപ്പിൻകീഴിൽ പുറപ്പെടുവിച്ച ഓരോ ഉത്തരവും അത് പുറപ്പെടുവിച്ചതിനുശേഷം, കഴിയുന്നത്രവേഗം, നിയമസഭ മുൻപാകെ വയ്ക്കേണ്ടതാണ്.

20. റദ്ദാക്കലും ഒഴിവാക്കലും.—(1) 2013-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ഓർഡിനൻസ് (2013-ലെ 45) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

ഇന്ത്യയെ ഒരു വികസിത രാഷ്ട്രമാക്കി രൂപാന്തരപ്പെടുത്തുന്നതിന് യുവജന സമ്പത്ത് ഒരു അവിഭാജ്യഘടകമായതിനാൽ യുവജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ തരണം ചെയ്യുന്നതിനും അതിൽ ഉൾപ്പെട്ടിട്ടുള്ള പ്രശ്നങ്ങൾക്ക് പുതിയ കാഴ്ചപ്പാട് നൽകുന്നതിനുംവേണ്ടി രൂപീകരിച്ച ദേശീയ യുവജന കമ്മീഷൻ, രാജ്യത്തെ യുവജനങ്ങളുടെ ക്ഷേമത്തിനും വികസനത്തിനുംവേണ്ടി ചില നടപടികൾ ശിപാർശ ചെയ്തിരുന്നു. അതിൽ പ്രധാനപ്പെട്ട ഒരു ശിപാർശ ഓരോ സംസ്ഥാനത്തും നിയമംമുഖേന യുവജന കമ്മീഷനുകൾ സ്ഥാപിക്കണം എന്നതാണ്. ബഹുമാനപ്പെട്ട കേരള ഗവർണ്ണർ 2012-ലെ നയപ്രഖ്യാപന പ്രസംഗത്തിൽ സംസ്ഥാനത്ത് ഒരു യുവജന കമ്മീഷൻ രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. യുവാക്കൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസത്തിനും തൊഴിലവസരങ്ങൾക്കുംവേണ്ടി സർക്കാർ വകുപ്പുകളെ ഏകോപിപ്പിക്കുന്നതിനും അതിനായി മെച്ചപ്പെട്ട വഴികൾ സർക്കാരിന് ശിപാർശ ചെയ്യുന്നതിനും അവരുടെ കഴിവുകളെ വികസിപ്പിക്കുന്നതിനും അവരുടെ സാമൂഹിക-സാമ്പത്തിക വികസനത്തിന്റെ നടപടികളിൽ സർക്കാരിനെ ഉപദേശിക്കുന്നതിനും അവരുടെ അവകാശങ്ങൾ നിഷേധിക്കപ്പെടുന്നതുമായി ബന്ധപ്പെട്ട പരാതികളിന്മേൽ അന്വേഷിക്കുകയും സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് സർക്കാരിനോട് ശിപാർശ ചെയ്യുന്നതിനും ഉള്ള ഒരു സംവിധാനം സംസ്ഥാനത്ത് നിലവിൽ ഇല്ല. ആയതിനാൽ സംസ്ഥാനത്തെ യുവജനങ്ങളെ വിദ്യാസമ്പന്നരാക്കുന്നതിനും ശാക്തീകരിക്കുന്ന തിനുംവേണ്ടി പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നതിനും യുവാക്കളുടെ അവകാശങ്ങളുടെ സംരക്ഷകനായി വർത്തിക്കുന്നതിനുംവേണ്ടി ഒരു യുവജന കമ്മീഷൻ രൂപീകരിക്കുന്നതിന് ഒരു നിയമനിർമ്മാണം ആവശ്യമാണെന്ന് സർക്കാർ കരുതുന്നു.

2. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും, 2012-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ഓർഡിനൻസ് 2012 ആഗസ്റ്റ് 18-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2012-ലെ 49-ാം നമ്പർ ഓർഡിനൻസായി 2012 ആഗസ്റ്റ് 21-ാം തീയതിയിലെ 1728-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

3. 2012 ഡിസംബർ 10-ാം തീയതി ആരംഭിച്ച് 2012 ഡിസംബർ 21-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനോ പാസാക്കുന്ന തിനോ കഴിഞ്ഞില്ല.

4. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടതിനാലും, 2013-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ഓർഡിനൻസ്, 2013 ജനുവരി 14-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2013-ലെ 18-ാം നമ്പർ ഓർഡിനൻസായി 2013 ജനുവരി 15-ാം തീയതിയിലെ 126-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

5. 2013 ഫെബ്രുവരി 1-ാം തീയതി ആരംഭിച്ച് 2013 ഫെബ്രുവരി 19-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടു വരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനോ പാസാക്കുന്ന തിനോ കഴിഞ്ഞില്ല.

6. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടതിനാലും, 2013-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ഓർഡിനൻസ് 2013 ഫെബ്രുവരി 26-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2013-ലെ 29-ാം നമ്പർ ഓർഡിനൻസായി 2013 ഫെബ്രുവരി 27-ാം തീയതിയിലെ 568-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

7. 2013 മാർച്ച് 15-ാം തീയതി ആരംഭിച്ച് 2013 ഏപ്രിൽ 10-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്ന തിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനോ പാസാക്കുന്നതിനോ കഴിഞ്ഞില്ല.

8. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടതിനാലും, 2013-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ഓർഡിനൻസ് 2013 ഏപ്രിൽ 25-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2013-ലെ 36-ാം നമ്പർ ഓർഡിനൻസായി 2013 ഏപ്രിൽ 26-ാം തീയതിയിലെ 1175-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

9. 2013 ജൂൺ 10-ാം തീയതി ആരംഭിച്ച് 2013 ജൂലൈ 9-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്ന തിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനോ പാസാക്കുന്നതിനോ കഴിഞ്ഞില്ല.

10. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടതിനാലും, 2013-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ഓർഡിനൻസ് 2013 ജൂലൈ 18-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2013-ലെ 45-ാം നമ്പർ ഓർഡിനൻസായി 2013 ജൂലൈ 19-ാം തീയതിയിലെ 2106-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

11. പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ 3-ാം ഖണ്ഡം, ഒരു ചെയർപേഴ്സണെയും പത്തിൽ കവിയാത്ത അംഗങ്ങളെയും ഉൾപ്പെടുത്തി കേരള സംസ്ഥാന യുവജന കമ്മീഷൻ രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു. ബില്ലിലെ 6-ാം ഖണ്ഡം, ചെയർപേഴ്സണ് നൽകേണ്ട ശമ്പളവും ബത്തകളും, അംഗങ്ങൾക്ക് നൽകേണ്ടതായ അലവൻസുകളും, സിറ്റിംഗ് ഫീസും, കമ്മീഷനിൽ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്കും മറ്റു ജീവനക്കാർക്കും നൽകേണ്ടതായ ശമ്പളവും ബത്തകളും പെൻഷനും ഉൾപ്പെടെയുള്ള ഭരണനിർവ്വഹണ ചെലവുകളും 12-ാം ഖണ്ഡം (1)-ാം ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഗ്രാന്റുകളിൽ നിന്നും നൽകേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ബില്ലിന്റെ 12-ാം ഖണ്ഡം (1)-ാം ഉപഖണ്ഡത്തിൽ സർക്കാർ യുക്തമെന്ന് കരുതുന്ന അങ്ങനെയുള്ള തുക ഗ്രാന്റായി കമ്മീഷന് നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നു. അപ്രകാരം യുവജന കമ്മീഷന്റെ ഓഫീസ് തുടങ്ങുന്നതിനായും പ്രാരംഭ ചെലവുകളായും ഏകദേശം 60 ലക്ഷം രൂപ അനാവർത്തക ചെലവു വരുമെന്നും, പ്രതിവർഷം ഏകദേശം 90 ലക്ഷം രൂപ ആവർത്തക ചെലവു വരുമെന്നും പ്രതീക്ഷിക്കുന്നു. എങ്കിലും ഇതുവഴി സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ഉണ്ടായേക്കാവുന്ന ചെലവ് ഈ ഘട്ടത്തിൽ കൃത്യതയോടെ കണക്കാക്കുവാൻ കഴിയുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ഗസറ്റ് വിജ്ഞാപനംവഴി, കേരള സംസ്ഥാന യുവജന കമ്മീഷൻ രൂപീകരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 3-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

2. കേരള സംസ്ഥാന യുവജന കമ്മീഷന്റെ ചെയർപേഴ്സന്റെ ശമ്പളവും ബത്തകളും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ 4-ാം ഖണ്ഡം (8)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

3. കേരള സംസ്ഥാന യുവജന കമ്മീഷന്റെ യോഗങ്ങളിൽ പങ്കെടുക്കുന്നതിന് അംഗങ്ങൾക്ക് നൽകേണ്ടതായ ബത്തകളോ സിറ്റിംഗ് ഫീസോ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 4-ാം ഖണ്ഡം (9)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

4. കമ്മീഷനിലെ ഉദ്യോഗസ്ഥർക്കും മറ്റ് ജീവനക്കാർക്കും നൽകേണ്ടതായ ശമ്പളവും ബത്തകളും സേവനം സംബന്ധിച്ച മറ്റു നിബന്ധനകളും വ്യവസ്ഥകളും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 5-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

5. ബില്ലിലെ 10-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം (എ) മുതൽ (ഇ) വരെയുള്ള ഇനങ്ങളിൽ പറഞ്ഞിട്ടുള്ളവയ്ക്ക് പുറമെ മറ്റേതെല്ലാം ആവശ്യങ്ങൾക്ക് കമ്മീഷന് സിവിൽ കോടതിയുടെ അധികാരം വിനിയോഗിക്കാമെന്ന് നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 10-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം (എഫ്) ഇനം കൊണ്ടുദ്ദേശിക്കുന്നു.

6. കേരള സംസ്ഥാന യുവജന കമ്മീഷന്റെ കണക്കുകളുടെ വാർഷിക സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ട ഫാറം നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 13-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

7. കേരള സംസ്ഥാന യുവജന കമ്മീഷന്റെ വാർഷിക റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കേണ്ട ഫാറവും തീയതിയും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 14-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

8. ഈ ആക്റ്റിന്റെ ആവശ്യങ്ങൾ നടപ്പാക്കുന്നതിലേക്ക് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 18-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

9. ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ ഉണ്ടാകുന്ന ഏതെങ്കിലും വൈഷമ്യം നീക്കം ചെയ്യുന്നതിന്, ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത വ്യവസ്ഥകൾ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവുമൂലം ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 19-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

10. ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുകയോ ചട്ടങ്ങൾ ഉണ്ടാക്കുകയോ ചെയ്യാവുന്നത് അവയെല്ലാം നടപടിക്രമം സംബന്ധിച്ച കാര്യങ്ങളും സാധാരണമോ അല്ലെങ്കിൽ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയതും ആകുന്നു. കൂടാതെ, ചട്ടങ്ങൾ ഉണ്ടാക്കിയ ശേഷം, അവ നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയവുമാണ്. അതിനാൽ, ഏല്പിച്ചുകൊടുത്ത നിയമ നിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

പി. കെ. ജയലക്ഷ്മി.